# കേരളസർവകലാശാല

നം.പി.ആർ.231(a)/2023 തിരുവനന്തപുരം, തീയതി: 07/11/2023

## പത്രക്കുറിപ്പ്

## 2023-24 ലെ സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ബാസ്ക്കറ്റ് ബോൾ പുരുഷ ടൂർണമെന്റ് 2023 നവംബർ 13 മുതൽ നവംബർ 18 വരെ കേരള സർവകലാശാലയിൽ സംഘടിപ്പിക്കുന്നു

കേരളസർവകലാശാല 2023-24 ലെ സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ബാസ്ക്കറ്റ് ബോൾ പുരുഷ ടൂർണമെന്റ് 2023 നവംബർ 13 മുതൽ 18 വരെ സെനറ്റ് ഹൗസ് കാമ്പസ് ഇൻഡോർ കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, മാർ ഇവാനിയോസ് കോളേജ് ബാസ്കറ്റ് ബോൾ കോർട്ട്, തിരുവനന്തപുരം എൽ.എൻ.സി.പി.ഇ. എന്നിവിടങ്ങളിലായി സംഘടിപ്പിക്കുന്നു. നവംബർ 13 ന് ഉച്ചയ്ക്ക് 2 മണിക്ക് സെനറ്റ് ഹൗസ് കാമ്പസിൽ വർണാഭമായ രീതിയിൽ ഉദ്ഘാടന ചടങ്ങ് നടക്കും. ബാസ്ക്കറ്റ് ബോൾ മുൻ ദേശീയ താരവും അർജുന അവാർഡ് ജേതാവുമായ ശ്രീമതി. ഗീതു അന്ന ജോർജ് ആണ് ഈ മത്സരത്തിന്റെ ബ്രാൻഡ് അംബാസഡർ.. ആന്ധ്രാപ്രദേശ്, കർണാടക, പോണ്ടിച്ചേരി, തമിഴ്നാട്, തെലങ്കാന, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള 120 ലധികം സർവകലാശാലകളെ പ്രതിനിധീകരിച്ച് 1200 കളിക്കാരും 300 ഒഫീഷ്യലുകളും മേളയിൽ പങ്കെടുക്കും. മുന്നൂറോളം വിദ്യാർത്ഥി വോളണ്ടിയർമാരും 175 അധ്യാപകരും 50 സാങ്കേതിക ഉദ്യോഗസ്ഥരും ടൂർണമെന്റിനെ പിന്തുണയ്ക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് ജില്ലകൾ ഉൾപ്പെടുന്ന കേരള സർവകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും ട്രോഫി ഘോഷയാത്രയും മോക്ക് ഡ്രില്ലും സംഘടിപ്പിക്കും. ഓർഗനൈസിംഗ് കമ്മിറ്റി അധ്യക്ഷനായ അഡ്വ: ജി.മുരളീധരൻ പിള്ളയുടെ നേതൃത്വത്തിൽ ഈ കായിക മാമാങ്കം വൻ വിജയമാക്കിത്തീർക്കുന്നതിലേക്കുള്ള തയ്യാറെടുപ്പുകൾ പുരോഗമിച്ച് വരുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**